*സ്വാമി ശരണം*

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ 0471 2315009, ഫാക്സ് 0471 2310192, ഈ മെയിൽ secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ഓഫീസ്

No. Roc. 51/2015/Est.1

തിരുവനന്തപുരം, 26/12/2015

## സർക്കുലർ

വിഷയം : ശബരിമല മകരവിളക്ക് - എല്ലാ ക്ഷേത്രങ്ങളിലും 'ദീപോത്സവം' സംഘടിപ്പിക്കേണ്ടതു - സംബന്ധിച്ച്

സൂചന : 26/12/2015 ലെ ബോർഡു തീരുമാനം

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1191 ലെ മകരവിളക്ക് 15/01/2016 ന് ആഘോഷിക്കപ്പെടുകയാണ്. മകര സംക്രമദിനത്തിൽ സൂര്യൻ ധനു രാശിയിൽ നിന്ന് മകരം രാശിയിലേക്കു മാറുന്ന ദിവ്യ മുഹൂർത്തത്തിൽ പൊന്നമ്പലമേട്ടിലെ മകര ജ്യോതിയും ആകാശത്തിലെ ധവള നക്ഷത്രവും ഒപ്പം ദീപാലംകൃതമായ ശബരിമല സന്നിധാനവും ഭക്തി മുഖരിതമാകുകയാണ്. ആയതിന്റെ പ്രതീകാത്മകമായി ഈ വർഷം മുതൽ എല്ലാ വർഷവും മകരവിളക്കു സമയത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ഉപദേശകസമിതികളുടെയും ഉപദേശക സമിതികൾ ഇല്ലാത്ത ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളുടെയും പങ്കാളിത്തത്തോടെ കമനീയമാക്കി വിശേഷാൽ ദീപങ്ങൾ തെളിയിച്ച് മകരവിളക്കു ദിവസം ''ദീപോത്സവം'' ആയി ആഘോഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു. എല്ലാ ദേവസ്വം ഉദ്യോഗസ്ഥരും ജീവനക്കാരും ഇതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഈ സർക്കുലർ എല്ലാ ജീവനക്കാരുടെയും ഉപദേശകസമിതികളുടെയും ശ്രദ്ധയിൽപെടുത്തേണ്ടതും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ് ഗ്രൂപ്പാഫീസർമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി ചടങ്ങ് ഭംഗിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷർമാരും നൽകേണ്ടതാണ്.

സെക്രട്ടറി

Copy to
EDP.